# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

18.08.2017-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2776**

## പൊതുവിദ്യാഭ്യാസസംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്കൂളുകളുടെ പ്രവർത്തനത്തിനുള്ള ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ | (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന 141 സ്കൂളുകളിൽ 113 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിന് ഭരണാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ആദ്യഘട്ടത്തിൽ പരിഗണിക്കുന്ന 37 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള അനുമതി കിഫ്ബി മുഖേന ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഈ വർഷം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുക.<br>2. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.<br>3. ലൈബ്രറി, ലബോറട്ടറി നവീകരണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കുക.<br>4. അക്കാദമിക മികവ് കൈവരിക്കുന്നതിന് അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.<br>5. ഐറ്റി@സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടലിൽ ആസൂത്രണ മാതൃകകളും ഡിജിറ്റൽ വിഭവങ്ങളും ലഭ്യമാക്കുക. |

സെക്ഷൻ ഓഫീസർ